**തിരുവനന്തപുരം ജില്ലാകളക്ടറുടെ നടപടിക്രമം**
**(ഹാജർ .ഡോ.നവജ്യോത് ഖോസ, ഐ.എ.എസ്)**

**കെ.3/195999/2019** **തീയതി::** 29 .04.2022

വിഷയം : പൊന്നുംവില -തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ വക്കം,അഞ്ചുതെങ്ങ് വില്ലേജുകളിൽ ടി.എസ്.കനാലിന് കുറുകെ വക്കവും കായിക്കരയുമായി ബന്ധിപ്പിക്കുന്ന കായിക്കരപാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ -സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തൽ - വിദഗ്ധ സമിതി അംഗങ്ങളെ നാമനിർദേശം ചെയ്ത് ഉത്തരവാകുന്നത്- സംബന്ധിച്ച്

പരാമർശം :1 ജി ഒ (പി ) നം .ആർ ഡി തീയതി നമ്പർ സർക്കാർ ഉത്തരവ് (08 .07 .16 ലെ 1225 -)0 നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം )

2 ഈ കാര്യാലയത്തിലെ 26 .12 .17 ലെ K 6 .89903 / 16 നമ്പർ നടപടിക്രമം

3 പ്ലാനറ്റ് കേരള എക്സിക്യൂട്ടീവ് ഡയറക്ടർ 22/03/22 ൽ സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട്

4 അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20/04/22 ലെ 400213/DPDC01/GPO/2022/55(1) നം. കത്ത്.

5 വക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23/04/22 ലെ എ4/213/2022 നം. കത്ത്.

6. കെ.ആർ.എഫ്.ബി,പി.എം.യു ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 21/04/22 ലെ AE1/KRFB/TVM/B1/2021 നം .കത്ത്

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ 7 (1 )വകുപ്പിലെ പരാമർശ പ്രകാരമുള്ള വിദഗ്ധ സമിതിയെ നിയമിക്കുന്നത് സംബന്ധിച്ച് പരാമർശം (1) സർക്കാർ ഉത്തരവിൽ ഓരോ പൊന്നും വില നടപടിയിലും 7 അംഗങ്ങൾ അടങ്ങിയ വിദഗ്ധ സമിതിയെ നിയമിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട് . പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന നോൺ ഒഫീഷ്യൽ സോഷ്യൽ സയന്റിസ്റ്റ് ,എക്സ്പെർട്സ് ഓൺ റീഹാബിലിറ്റേഷൻ എന്നീ വിഭാഗങ്ങളിൽ രണ്ട് പേരെ വീതം ജില്ലാ കളക്ടർ പരാമർശം(2) നടപടിക്രമം പ്രകാരം നാമനിർദേശം ചെയ്ത് ഉത്തരവായിട്ടുണ്ട് . വിദഗ്ധ സമിതിയിൽ

അവശേഷിക്കുന്ന മൂന്ന് അംഗങ്ങളിൽ രണ്ടുപേർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും (ഒരു വനിത ഉൾപ്പെടെ ) ഒരാൾ പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധനും (അർത്ഥനാധികാരിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്ന ആൾ ) ആയിരിക്കണമെന്ന് പരാമർശം (1 )പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ വക്കം, അഞ്ചുതെങ്ങ് വില്ലേജുകളിൽ ടി.എസ്.കനാലിന് കുറുകെ വക്കവും കായിക്കരയുമായി ബന്ധിപ്പിക്കുന്ന കായിക്കരപാലം നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികളുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഈ പഠനറിപ്പോർട്ട് വിലയിരുത്തുന്നതിനായി രൂപീകരിക്കുന്ന വിദഗ്ധ സമിതിയിലേക്ക് നാമനിർദേശം ചെയ്യുന്നതിനായി പരാമർശം (4) , (5),(6) എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളുടേയും പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധന്റേയും പേരുകൾ ലഭ്യമായിട്ടുണ്ട് .

മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ വക്കം, അഞ്ചുതെങ്ങ് വില്ലേജുകളിൽ ടി.എസ്.കനാലിന് കുറുകെ കായിക്കരപാലം നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികളുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി രൂപീകരിക്കുന്ന വിദഗ്ധ സമിതിയിലേക്ക് താഴെ പറയും പ്രകാരം 7 പ്രതിനിധികളെ നാമ നിർദേശം ചെയ്ത് കൊണ്ടും ഈ സമിതിയുടെ ചെയർപേഴ്സണായി **ഡോ .പി.പ്രതാപനെ** ചുമതലപെടുത്തികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | പ്രതിനിധിയുടെ പേരും വിലാസവും | വിഭാഗം |
|---|---|---|
| 1 | പ്രൊ .താരാഭായി<br>സോഷ്യോളജി പ്രൊഫസർ (റിട്ട .)<br>മധുരൈ കാമരാജ് യൂണിവേഴ്സിറ്റി<br>II A,GIA Classic,UR NO.2<br>ഉപ്പളം റോഡ് ,തിരുവനന്തപുരം<br>Mob:9496174262 | നോൺ ഒഫീഷ്യൽ<br>സോഷ്യൽ സയന്റിസ്റ്റ് |
| 2 | ഡോ .പി . പ്രതാപൻ<br>റ്റി.സി.42/944, ആൽഫ മെറിറ്റ അപ്പാർട്ട്മെന്റ്സ്, പൂജപ്പുര പി.ഒ-695012,തിരുവനന്തപുരം<br>Mob: 9446176426 | നോൺ ഒഫീഷ്യൽ<br>സോഷ്യൽ സയന്റിസ്റ്റ് |
| 3 | ശ്രീ .എസ് ഇന്ദുകലാധരൻ<br>ഡെപ്യൂട്ടി കളക്ടർ (റിട്ട .)<br>ഹൗസ് നം .5<br>എം എസ് പി നഗർ<br>തിരുമല പി ഒ<br>Mob:9847443300 | എക്സ്പെർട്സ് ഓൺ<br>റീഹാബിലിറ്റേഷൻ |

| | | |
|---|---|---|
| 4 | ശ്രീ .എസ് .ശംഭുദേവൻ നായർ<br>ഡെപ്യൂട്ടി കളക്ടർ (റിട്ട .)<br>കൃഷ്ണ ,ഊരുപൊയ്ക പി ഒ<br>ആറ്റിങ്ങൽ<br>Mob:9349328966 | എക്സ്പെർട്സ് ഓൺ റീഹാബിലിറ്റേഷൻ |
| 5 | ശ്രീ . അശോകൻ.കെ<br>13-ാംവാർഡ്പ്രതിനിധി,<br>വക്കം ഗ്രാമപഞ്ചായത്ത്.<br><br>Mob: 8590133754 | വക്കം ഗ്രാമപഞ്ചായത്ത് പ്രതിനിധി |
| 6 | ശ്രീമതി . ദിവ്യ ഗണേഷ്,<br>3-ാം വാർഡ് പ്രതിനിധി ,<br>അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്.<br>Mob: 9645265765,<br>e-mail-divyaganesh rajbhavan@gmail.com. | അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പ്രതിനിധി |
| 7 | ശ്രീ. തഫാസുൽ.റ്റി.ആർ,<br>അസിസ്റ്റന്റ്എഞ്ചിനീയർ, കെ.ആർ.എഫ്.ബി,<br>പി.എം.യു.ഡിവിഷൻ,തിരുവനന്തപുരം<br>Mob:9446849317 | ടെക്നിക്കൽഎക്സ്പെർട്ട്<br>കെ.ആർ.എഫ്.ബി,<br>പി.എം.യു.ഡിവിഷൻ,തിരുവനന്തപുരം |

( ഒപ്പ് )

ജില്ലാ കളക്ടർ

പകർപ്പ് :

1.ബന്ധപ്പെട്ട വിദഗ്ധസമിതി അംഗങ്ങൾക്ക്

2.സ്പെഷ്യൽ തഹസിൽദാർ ,പൊന്നുംവില (ജനറൽ),സിവിൽസ്റ്റേഷൻ(**വിദഗ്ധ സമിതിക്ക് ആവശ്യമായ ക്രമീകരണം ചെയ്യുന്നതിനായി**)

3. എൻ.ഐ.സി (**സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്**)

4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി,പി.എം.യു.ഡിവിഷൻ,തിരുവനന്തപുരം

5. സെക്രട്ടറി,അഞ്ചുതെങ്ങ്,വക്കം ഗ്രാമപഞ്ചായത്ത് .

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)